പത്രക്കുറിപ്പ്
09-10-2017

## എൻആർഎൽഎം- കേന്ദ്രമന്ത്രാലയത്തിന്റെ പ്രദർശനമേളയ്ക്ക് കുടുംബശ്രീയും, വിമാനയാത്രയുടെ ആഹ്ലാദത്തിൽ അയൽക്കൂട്ട വനിതകൾ

തിരുവനന്തപുരം- കുടുംബശ്രീയുടെ പ്രവർത്തന രീതിയും വിജയഗാഥകളും പങ്കുവയ്ക്കാൻ കുടുംബശ്രീ വനിതകൾ ഡൽഹിയിലേക്ക് യാത്രയായി. ഉപജീവന വികസനവും വൈവിധ്യ വൽക്കരണവും എന്ന വിഷയത്തിൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 10,11 തിയതികളിൽ സംഘടിപ്പിക്കുന്ന ചർച്ചയിലും തുടർന്ന് നടക്കുന്ന പ്രദർശനമേളയിലും പങ്കെടുക്കാൻ 80 അയൽക്കൂട്ട വനിതകൾ ഉൾപ്പെടെ 110 അംഗ കുടുംബശ്രീ സംഘമാണ് ഡൽഹിയിലേക്ക് തിരിച്ചത്. വിമാനയാത്രയെന്ന ചിരകാല അഭിലാഷം സാക്ഷാത്ക്കരിക്കാനും ഇതിൽ 72 അയൽക്കൂട്ട വനിതകൾക്കായി. ഇവർ മൂന്ന് സംഘങ്ങളായി നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഇന്ന് (09-10-17) ഡൽഹിയിലേക്ക് പോയി.

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന് (എൻആർഎൽഎം) കീഴിൽ വിവിധ സംസ്ഥാനങ്ങളിൽ നടന്നുവരുന്ന പ്രവർത്തനങ്ങളെ കേന്ദ്രീകരിച്ച് സംഘടിപ്പിച്ചിരിക്കു ന്ന പരിപാടിയുടെ വേദി ന്യൂഡൽഹിയിലെ പുസയിലുള്ള ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ചിലെ (ഐസിഎആർ) നാഷണൽ അഗ്രികൾച്ചറൽ സയൻസ് കോംപ്ലക്സാണ്. ജീവിതത്തിലാദ്യമായി വിമാനത്തിൽ യാത്ര ചെയ്യുന്നതിന്റെ ആഹ്ലാദത്തിലും ഇന്ത്യയുടെ ഭരണ സിരാകേന്ദ്രമായ ഡൽഹി കാണാൻ പറ്റുന്നതിന്റെ ആവേശത്തിലുമാണ് ഏവരും യാത്ര യായത്. കേരളത്തിൽ എൻആർഎൽഎമ്മിന്റെ നോഡൽ ഏജൻസി കുടുംബശ്രീയാണ്.

72 സിഡിഎസ് ചെയർപേഴ്സൺമാരും മഹിളാ കിസാൻ സശാക്തീകരൺ പരിയോജനയുടെ (എംകെഎസ്പി) ഭാഗമായി പ്രവർത്തിക്കുന്ന എട്ട് അംഗങ്ങളും 14 ബ്ലോക്ക് കോർഡിനേറ്റർ മാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കുടുംബശ്രീയെ പ്രതിനി ധീകരിച്ച് ദ്വിദിന പരിപാടിയിൽ പങ്കെടുക്കും. കേരളത്തിന്റെ കാർഷിക സംസ്ക്കാരം വെളിപ്പെടുത്തുന്നതിനായി കാസർഗോഡ് നിന്നുള്ള തനത് നെൽവിത്ത് ഇനങ്ങൾ കുടുംബശ്രീ സ്റ്റാളിൽ പ്രദർശനത്തിന് വയ്ക്കും. എറണാകുളത്തെ അയൽക്കൂട്ട സംഘങ്ങളുടേതായി കോക്കനട്ട് ചിപ്സ്, പൈനാപ്പിൾ ജാം, സ്ക്വാഷ് കാസർഗോഡ് നിന്നുള്ള സഫലം കാഷ്യുനട്ട്സ് തുടങ്ങിയ മൂല്യ വർധിത ഉൽപ്പന്നങ്ങളും പ്രദർശനത്തിലുണ്ടാകും. കേരളത്തിലെ എംകെഎസ്പി പ്രവർത്തനങ്ങളുടെ പ്രത്യേകതകയും കൃഷി അടിസ്ഥാനമാക്കിയുള്ള ചെറുകിട സംരംഭങ്ങളെക്കുറിച്ചുമെല്ലാം വിവരങ്ങൾ പങ്കുവയ്ക്കുകയാണ് ഇതുവഴി കുടുംബശ്രീ ലക്ഷ്യമിടുന്നത്.

കാർഷിക മേഖലയിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർധിപ്പിക്കുക, പ്രകൃതിയോട് ഇണങ്ങി ച്ചേർന്നുള്ള ജൈവകൃഷി പോലുള്ള മാർഗ്ഗങ്ങളിലൂടെ വനിതകൾക്ക് ഉപജീവനത്തിനുള്ള വഴി കണ്ടെത്തി നൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന കേന്ദ്രസർക്കാർ പദ്ധതിയായ എംകെഎസ്പി കുടുംബശ്രീയിലൂടെയാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. വനിതാ കർഷകരുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) രൂപീകരിച്ച് സംഘകൃഷിയിൽ ശ്രദ്ധയൂന്നിയാണ് കുടുംബശ്രീ എംകെഎസ്പി പ്രവർത്തനങ്ങൾ നടത്തു ന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ